86 (404) സംസ്ഥാനത്തെ വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ വ്യാപകമാകുന്നു എന്ന റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പിടിച്ചെടുത്തിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഡ്രൈവിംഗ് ലൈസൻസ് നിബന്ധനകൾ കർശനമാക്കിയതാണ് വ്യാജ ലൈസൻസ് കാർഡുകൾ പ്രചരിക്കാൻ കാരണമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഇ) വ്യാജ ഡ്രൈവിംഗ് ലൈസൻസുകളുടെ വ്യാപനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വ്യാജ ലൈസൻസ് സംബന്ധിച്ച് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല

(ഇ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് സംബന്ധിച്ച് ജോലികൾ പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കുന്നതിലൂടെയും കർശനമായ പരിശോധനകൾ വഴിയും വ്യാജലൈസൻസുകൾ തടയാൻ കഴിയും.

87 (405) സർക്കാർ വാഹനങ്ങളിൽ ചുവപ്പ്, പച്ച ലൈറ്റുകൾ ഉപയോഗിക്കുന്ന നടപടി

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളിൽ ചുവപ്പ്, പച്ച ലൈറ്റുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ചും തിരിച്ചറിയാൻ ബോർഡ് ഉപയോഗിക്കുന്നതു സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് നിയമ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്നാണ് ഭേദഗതി വരുത്തി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മോട്ടോർ വാഹന ചട്ടമനുസരിച്ച് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നിയമം നടപ്പാക്കാൻ ചുമതലപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ തന്നെ ലംഘിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ നോട്ടിഫിക്കേഷൻ വഴി നിലവിൽ വന്ന ഇതുസംബന്ധിച്ച നിയമങ്ങൾ കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഔദ്യോഗിക വാഹനങ്ങൾക്ക് മുകളിൽ ചുവപ്പ് ലൈറ്റ് പ്രദർശിപ്പിക്കാവുന്ന വിശിഷ്ട വ്യക്തികൾ ആരൊക്കെയെന്ന് നിർവചിച്ചുകൊണ്ടുള്ള സർക്കാർ നോട്ടിഫിക്കേഷൻ 16-4-99-ലും, 19-6-99-ലും, പുറപ്പെടുവിച്ചിട്ടുണ്ട്. തിരിച്ചറിയൽ ബോർഡ് സംബന്ധിച്ച 25-2-94-ലും, 25-10-97-ലും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇത്തരം ലംഘനങ്ങൾ നടത്തുന്ന വാഹനങ്ങൾ കണ്ടുപിടിച്ച് ലൈറ്റുകളും ബോർഡുകളും നിക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പ് മേധാവികൾക്കും ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് പത്രക്കുറിപ്പുകളും നൽകിയിട്ടുണ്ട്.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

88 (406) ടൂറിസ്റ്റ് ബസ്സുകൾക്ക് എൻട്രി ടാക്സ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് തമിഴ്നാട്ടിലേയ്ക്കും കർണ്ണാടകത്തിലേയ്ക്കും സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബസ്സുകൾക്ക് എൻട്രി ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ പ്രവേശിക്കുന്ന ടൂറിസ്റ്റ് വാഹനങ്ങൾക്ക് എൻട്രി ടാക്സ് പിരിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എത്ര എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരള മോട്ടോർ വാഹന നികുതി നിയമത്തിലെ 3-ാം വകുപ്പു പ്രകാരം, അന്തർ സംസ്ഥാന കരാർ നിലവിലുള്ള തമിഴ്നാട്ടിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly